# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 03 2019


## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


### പതിവുതിരക്കിൽ സന്നിധാനം

ശബരിമല സന്നിധാനത്തേക്ക് വ്യാഴാഴ്ച പതിവുപോലെ തീർഥാടക പ്രവാഹം. ശരണമന്ത്രങ്ങളാൽ മുഖരിതമായി ശാന്തമാണ് സന്നിധാനവും പമ്പയും പരിസരവും. വ്യാഴാഴ്ച പുലർച്ചെ മുതൽ രാവിലെ 10 മണിവരെ 46,800 തീർഥാടകർ പമ്പ വഴി സന്നിധാനത്തേക്ക് എത്തി. പമ്പ വഴി രാവിലെ 10 വരെ 23,070 പേർ മടങ്ങിപ്പോയി. എരുമേലി മുതലുള്ള കാനനപാത വഴിയും പുല്ലുമേട് വഴിയും തീർഥാടകർ പതിവുപോലെ എത്തുന്നു ്.

നടപ്പന്തലിലും വിരിവെക്കൽ കേന്ദ്രങ്ങളിലും തിരക്കിന് കുറവില്ല. സന്നിധാനത്ത് നെയ്യഭിഷേത്തിനും അരവണ കൗ റുകൾക്കു മുന്നിലും അന്നദാന കേന്ദ്രങ്ങളിലും നല്ല തിരക്ക് അനുഭവപ്പെടുന്നു. മഹാകാണിക്ക അർപ്പിച്ച് വാവരുസാമി നടയിൽ ദർശനം നടത്തിയാണ് തീർഥാടകർ മടങ്ങുന്നത്. പ്രസന്നമായ കാലാവസ്ഥയും തീർഥാടനം ആഹ്ലാദകരമാക്കുന്നു.

രാവിലെ മൂന്നിന് നട തുറന്നു. 12 മണി വരെയാണ് നെയ്യഭിഷേകം. ഒരു മണിക്ക് നടയടക്കും. ഉച്ച മൂന്നിന് നട തുറക്കും. 6.30ന് ദീപാരാധനയ്ക്ക് ശേഷം പുഷ്പാഭിഷേകവുമു ാവും.

കെ.എസ്.ആർ.ടി.സി ശബരിമല തീർഥാടകർക്കായി കൂടുതൽ സർവീസുകൾ നടത്തി. നിലയ്ക്കൽ-പമ്പ റൂട്ടിൽ 200 ബസുകൾ സർവീസ് നടത്തുന്നതായി കെ.എസ്.ആർ.ടി.സി അറിയിച്ചു. ബസുകളെല്ലാം നിറഞ്ഞാണ് ഓടുന്നത്. തീർഥാടകരുടെ വൻ തിരയ്ക്കാണ് നിലയ്ക്കലിലും പമ്പയിലും. ചെങ്ങന്നൂരിൽനിന്നും കോട്ടയത്തുനിന്ന് പതിവുപോലെ പമ്പ ബസുകൾ സർവീസ് നടത്തുന്നു.

(പി.ആർ. ശബരി-393)

## പമ്പയിലേക്ക് ജലം തുറന്നു വിടും;
## തീർഥാടകർ ജാഗ്രത പുലർത്തണം

പമ്പാ നദിയിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് കുള്ളാർ ഡാമിൽ നിന്നും ഇന്ന് (ജനുവരി മൂന്ന്) 25,000 ക്യുബിക് മീറ്റർ ജലം തുറന്നു വിടും. ശബരിമല തീർഥാടകരും പമ്പാ നദിയുടെ തീരത്ത് താമസിക്കുന്നവരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജാഗ്രത പാലിക്കണമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചു.

(പി.ആർ. ശബരി-394)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി | | |
|---|---|---|
| JANUARY | 03 | 2019 |



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

# തീർഥാടക പ്രവാഹത്തിൽ ശബരിമല സന്നിധാനം

## കൂടുതൽ സർവീസുകളുമായി കെ.എസ്.ആർ.ടി.സി

ശബരിമല സന്നിധാനത്ത് വ്യാഴാഴ്ച കനത്ത തിരക്ക് അനുഭവപ്പെട്ടു. കെ.എസ്.ആർ.ടി.സി ശബരിമല തീർഥാടകർക്കായി വ്യാഴാഴ്ച കൂടുതൽ സർവീസുകൾ നടത്തിയത് ആശ്വാസമായി.

വ്യാഴാഴ്ച പുലർച്ചെ മുതൽ വൈകീട്ട് ആറ് മണി വരെ 87,500 തീർഥാടകർ പമ്പ വഴി സന്നിധാനത്തേക്ക് എത്തി. പമ്പ വഴി വൈകീട്ട് ആറ് മണി വരെ 51,510 പേർ മടങ്ങിപ്പോയി. രാവിലെ 10 മണി വരെ മാത്രം 46,800 പേർ പമ്പ വ ഴി എത്തി. തീർഥാടക പ്രവാഹം തുടരുകയാണ്. തിരക്കിലും ശാന്തമായിരു ന്നു സന്നിധാനം. എരുമേലി മുതലുള്ള കാനനപാത വഴിയും പുല്ലുമേട് വഴിയും തീർഥാടകർ പതിവുപോലെ എത്തുന്നു. നടപ്പന്തലിലും വിരിവെക്കൽ കേന്ദ്രങ്ങളിലും തിരക്കിന് കുറവില്ല. സന്നിധാനത്ത് നെയ്യഭിഷേത്തിനും അരവണ കൗ റുകൾക്കു മുന്നിലും അന്നദാന കേന്ദ്രങ്ങളിലും നല്ല തിരക്കായിരുന്നു. മഹാകാണിക്ക അർപ്പിച്ച് വാവരുസാമി നടയിൽ ദർശനം നടത്തിയാണ് തീർഥാടകർ മടങ്ങുന്നത്.

15 ലക്ഷത്തോളം അരവണയും ര ് ലക്ഷത്തോളം അപ്പവും കരുതൽ ശേ ഖരമായി ഉള്ളതിനാൽ അപ്പത്തിനും അരവണയ്ക്കും ക്ഷാമമില്ലെന്ന് ദേവ

സ്വം എക്സിക്യുട്ടീവ് ഓഫീസർ അറിയിച്ചു. അരവണ മൂന്ന് കേന്ദ്രങ്ങളിലായി സാധാരണ രീതിയിൽ ഉൽപാദനം നടത്തുന്നു.

തീർഥാടകരുടെ വൻ തിരയ്ക്കാണ് നിലയ്ക്കലിലും പമ്പയിലും അനുഭവപ്പെട്ടത്. നിലയ്ക്കൽ-പമ്പ റൂട്ടിൽ 265 ബസുകൾ സർവീസ് നടത്തിയതായി അധികൃതർ അറിയിച്ചു. 145 ബസുകൾ ചെയിൻ സർവീസായി നിലയ്ക്കൽ-പമ്പ റൂട്ടിൽ ഓടി. ഇതിൽ എ.സി ബസുകളും നോൺ എ.സി ബസുകളും ഉൾപ്പെടും. പമ്പയിൽനിന്ന് 70 ബസുകൾ നിലയ്ക്കലിലേക്ക് സർവീസ് നടത്തി. അമ്പതോളം ഓർഡിനറി ബസുകളും ഓടി. കൂടാതെ കോട്ടയം, ചെങ്ങന്നൂർ, എരുമേലി, കുമളി, തിരുവനന്തപുരം, എറണാകുളം ഭാഗങ്ങളിലേക്ക് പോലീസ് സംരക്ഷണത്തോടെയാണ് സർവീസ് നടത്തിയത്. ബസുകളെല്ലാം നിറയെ യാത്രക്കാരുമായാണ് ഓടിയത്. അതേസമയം, അന്തർസംസ്ഥാന ബസുകൾ വ്യാഴാഴ്ച സർവീസ് നടത്തിയില്ല.

ഡ്യൂട്ടി മജിസ്ട്രേറ്റ് മരക്കൂട്ടം മുതൽ സ്വാമി അയ്യപ്പൻ റോഡ് വരെ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ 12 ജ്യൂസ് കടകൾക്കെതിരെ നടപടി സ്വീകരിച്ചു. ഇവിടെ നിന്ന് പഴകിയ തണ്ണിമത്തനും മറ്റും പിടിച്ചെടുത്തു. വില നിലവാര ബോർഡ് പ്രദർശിപ്പിക്കാത്തതിനും താൽക്കാലിക ജീവനക്കാരെ നിയോഗിച്ചതിനുമാണ് നടപടി.

(പി.ആർ. ശബരി-395)

## ശബരിമലയിൽ നെൽപ്പറ, മഞ്ഞൾപ്പറ വഴിപാടുകൾ അർപ്പിക്കാം

ശബരിമലയിൽ തീർഥാടനത്തിന് എത്തുന്ന ഭക്തർക്ക് പൊതുവഴിപാടുകൾക്ക് പുറമേ പറ വഴിപാടുകളും അർപ്പിക്കാൻ സൗകര്യം. സന്നിധാനത്ത് നെൽപ്പറ വഴിപാടും മാളികപ്പുറത്ത് നെൽപ്പറ, മഞ്ഞൾപ്പറ വഴിപാടുകളും അർപ്പിക്കാം. കാർഷിക അഭിവൃദ്ധി, കുടുംബ ഐശ്വര്യം എന്നിവയ്ക്കായാണ് തീർഥാടകർ ഈ വഴിപാടുകൾ അർപ്പിക്കാറ്. ശബരിമലയിലെ വഴിപാടുകളിൽ പ്രധാനമാണിത്.

സന്നിധാനത്ത് മണ്ഡല -മകരവിളക്ക് കാലത്തായി ഇതുവരെ എണ്ണായിരത്തോളം നെൽപ്പറ വഴിപാടുകളാണ് നടന്നത്. പ്രതിദിനം 300 മുതൽ 350 വരെ നെൽപ്പറ വഴിപാടുകൾ ഉ ാവാറു ്.

നട തുറക്കുന്ന പുലർച്ചെ മൂന്നു മണി മുതൽ ഉച്ച ഒരു മണിവരെയും ഉച്ചതിരിഞ്ഞ് മൂന്നു മണിമുതൽ ഹരിവരാസനം പാടി നട അടയ്ക്കുന്നതുവരെ ഇതിനുള്ള സൗകര്യം ഒരുക്കിയിട്ടു ്. മണ്ഡല-മകരവിളക്ക് കാലത്തിനു പുറമേ മാസപൂജയ്ക്കും നടതുറക്കുന്ന മറ്റുസമയങ്ങളിലും പറ പൂജകൾ നടത്താം. പറ നടത്താനാവശ്യമായ നെല്ല് സന്നിധാനത്തും നെല്ല്, മഞ്ഞൾ എന്നിവ മാളികപ്പുറത്തും ലഭ്യമാണ്.

ഇരുസ്ഥലങ്ങളിലും ചുമതലയുള്ള ശാന്തിക്കാരുടെ നേതൃത്വത്തിൽ പൂജ നടത്തി മഞ്ഞൾപ്പറയും നെൽപ്പറയും സമർപ്പിക്കാം. നെൽപ്പറയ്ക്ക് 200 രൂപയും മഞ്ഞൾപ്പറയ്ക്ക് 400 രൂപയുമാണ് വഴിപാട് തുക.

(പി.ആർ. ശബരി-396)

## സന്നിധാനത്ത് മേളപ്പെരുക്കം തീർത്ത് യുവ തീർഥാടക സംഘം

സന്നിധാനത്ത് മേളപ്പെരുക്കം തീർത്ത് യുവ തീർഥാടക സംഘം. വ്യാഴാഴ്ച്ച വൈകീട്ട് 4.30 ഓടുകൂടിയാണ് ബാലരാമപുരം നാദം വാദ്യകലാസംഘത്തിന്റെ നേതൃത്വത്തിൽ സന്നിധാനത്ത് ചെ മേളം അരങ്ങേറിയത്. 13 പേരടങ്ങിയ സംഘമാണ് ചെ മേളം ഒരുക്കിയത്. പതിനെട്ടാം പടിയിലൂടെ മേളവുമായി കയറിയ സംഘം അര മണിക്കൂറോളം വാദ്യവിസ്മയം തീർത്തു. ഇത് തുടർച്ചയായ മൂന്നാം തവണയാണ് സംഘം സന്നിധാനത്ത് ചെ മേളം അവതരിപ്പിക്കുന്നത്. നാല് ചെ , മൂന്ന് ഇലത്താളം ഉൾപ്പടെയുള്ള വാദ്യോപകരണങ്ങളുമായാണ് സംഘം മേളം അവതരിപ്പിച്ചത്. കെട്ടുനിറച്ചാണ് സംഘത്തിലുള്ള മുഴുവൻപേരും സന്നിധാനത്ത് വാദ്യോപകരണങ്ങളുമായി എത്തിയത്. ബാലരാമപുരം ചിറ്റിക്കോട് ദേവീക്ഷേത്രത്തിൽനിന്നും കെട്ടുനിറച്ചതിനുശേഷം ബുധനാഴ്ച്ച രാത്രിയോടെ ഇവർ പമ്പയിലെത്തി. സന്നിധാനത്ത് തുടർച്ചയായ മൂന്നാംവർഷവും ചെ മേളം തീർക്കാൻ സാധിച്ചത് ഭാഗ്യമാണെന്ന് ഇവർ പറഞ്ഞു. 30 വയസിൽ താഴെയുള്ളവരാണ് 13 പേരും.

(പി.ആർ. ശബരി-397)

## പുകവലി: 30 പേർക്കെതിരെ കേസെടുത്തു

സന്നിധാനത്തും നിലയ്ക്കലിലുമായി പൊതുസ്ഥലത്ത് പുകവലിച്ചതിന് പുകവലി നിരോധനനിയമ പ്രകാരം 30 പേർക്കെതിരെ എക്സൈസ് വകുപ്പ് കേസെടുത്തു. സന്നിധാനത്ത് 13 പേർക്കെതിരെയും നിലയ്ക്കലിൽ 17 പേർക്കെതിരെയുമാണ് കേസെടുത്തത്. നിലയ്ക്കലിൽ എട്ട് സിഗരറ്റ് പാക്കറ്റുകൾ പിടിച്ചെടുത്തു.

(പി.ആർ. ശബരി-398)

# ശബരിമലയിൽ ഇന്ന് (04.01.19)

പുലർച്ചെ മൂന്നിന് നട തുറക്കൽ
3.05ന് നിർമാല്യം
3.15 മുതൽ ഉച്ച 12 വരെ നെയ്യഭിഷേകം
3.30ന് ഗണപതി ഹോമം
7.30ന് ഉഷപൂജ
എട്ടിന് അഷ്ടാഭിഷേകം
12.40ന് ഉച്ചപൂജ
ഒരുമണിക്ക് നട അടയ്ക്കും
വൈകീട്ട് മൂന്നിന് നടതുറക്കൽ
6.30ന് ദീപാരാധന
ഏഴിന് പുഷ്പാഭിഷേകം
രാത്രി 9.30ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11ന് നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.